പോലും കേന്ദ്രാനുമതി ലഭിക്കാതിരുന്ന സാഹചര്യത്തിൽ കുറ്റിപ്പുറം-ഗുരുവായൂർ ലൈനിന് കേരള സർക്കാർ സൗജന്യ സ്റ്റീറ്റ്പ്പർ നൽകാമെന്ന വാഗ്ദാനം ചെയ്തതുകൊണ്ടു എന്തെങ്കിലും പ്രയോജനം ഉണ്ടാകുമെന്നു കരുതിയിരുന്നില്ല.

(സി) ആലപ്പുഴ-എറണാകുളം റെയിൽവേ ലൈനിനെ സംബന്ധിച്ച കേന്ദ്രത്തിന്റെ തീരുമാനം ഔദ്യോഗികമായി അറിഞ്ഞതിനു ശേഷം ഇക്കാര്യം പരിശോധിക്കാം.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ

*434 [456] ശ്രീ. സ്റ്റീഫൻ പാദുവ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നു നിലവിൽ വന്നു;

(ബി) അതിന്റെ പ്രവർത്തന മൂലധനം എത്ര; വായ്പ എത്ര; ഗവൺമെൻറിൽനിന്നും നൽകുന്ന സഹായം എന്ത്;

(സി) ഇതുവരെയായി കോർപ്പറേഷനു ലഭിച്ച അറ്റാദായം എത്ര;

(ഡി) ഡിവിഡൻറ് ആയും ഇൻകംടാക്സ്, സെയിൽസ് ടാക്സ് ഇനത്തിലും ഗവൺമെൻറിന് ലഭിച്ച തുക എന്ത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1974 ജൂൺ 25-ന് നിലവിൽ വന്നു.

(ബി) 1978 ജനുവരി 31-വരെ എഴുപത്തിഒന്ന് ലക്ഷം രൂപ. ബാങ്കിൽ നിന്ന് ക്യാഷ് ക്രെഡിറ്റ് ലോൺ ഇനത്തിൽ 1978 മാർച്ചു 31-വരെ ബാലൻസ് 5,86,33,130 രൂപ (അഞ്ചുകോടി എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഒരുനൂറ്റി മുപ്പത്തിഒൻപത് രൂപ) ഗവൺമെൻറിൽ നിന്നും സഹായം ഒന്നും ഇല്ല.

(സി) അറ്റാദായം ഇല്ല. ഓരോ വർഷവും ലഭിച്ച ലാഭ-നഷ്ടങ്ങൾ താഴെ പറയും പ്രകാരമാണ്:

1974-75	1,84,225	രൂപ	ലാഭം
1975-76	2,22,068	,,	ലാഭം
1976-77	24,967	,,	നഷ്ടം
1977-78	1,34,38,666.55	,,	നഷ്ടം
ഇതുവരെയുള്ള നഷ്ടം	1,30,57,340.48	,,	

(ഡി) ഡിവിഡൻറ് പ്രഖ്യാപിച്ചിട്ടില്ല.

സെയിൽസ്ടാക്സ്	91,41,044.89	,,
ഇൻകംടാക്സ്	6,20,013.00	,,

LIBRARY ARCHIVES Kerala Legislative Assembly